**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 512** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സോളാർ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** ഗ്രിഡുമായി ബന്ധിപ്പിക്കുന്ന എല്ലാ സോളാർ പദ്ധതികൾക്കും തദ്ദേശീയമായി നിർമ്മിച്ച പാനൽ കേന്ദ്രസർക്കാർ നിർബന്ധമാക്കിയോ എന്ന് വ്യക്തമാക്കാമോ; ഇതോടെ സോളാർ പദ്ധതികൾക്കായുള്ള ചെലവ് വൻതോതിൽ വർദ്ധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയിൽ സബ്സിഡി ഉപേക്ഷിക്കാൻ താല്പര്യം ഉള്ളവർ ഒഴികെ മറ്റു എല്ലാ സോളാർ പദ്ധതികൾക്കും തദ്ദേശീയമായി നിർമിച്ച പാനൽ കേന്ദ്ര സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രിഡുമായി ബന്ധിപ്പിക്കുന്ന പദ്ധതികൾക്കും സബ്സിഡിയോടു കൂടിയുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്കും ചെലവ് വർധിക്കാൻ സാധ്യത കാണുന്നു.

കേന്ദ്ര സർക്കാർ 2026 ജൂൺ 1 മുതൽ ഗ്രിഡ്-ബന്ധിത സോളാർ പദ്ധതികൾക്കായി തദ്ദേശീയമായി നിർമ്മിച്ച പാനലുകൾ (Domestic Content Requirement – DCR) നിർബന്ധമാക്കിയിട്ടുണ്ട്. ഇതോടെ പദ്ധതികളുടെ ചെലവ് ഏകദേശം 10–12% വരെ വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**(ബി)** പ്രസ്തുത വർദ്ധനവ് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളെയും ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**